# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

24.06.2014- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3908

## കാസർഗോഡ് ജില്ലയിൽ കെ.എസ്.ടി.സി.യുടെ കീഴിൽ വ്യവസായ യൂണിറ്റ്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ഉത്തരം<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ കെ.എസ്.ടി.സി. യുടെ കീഴിൽ പുതിയ വ്യവസായ യൂണിറ്റ് ആരംഭിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) 2010-11-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തി 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ച് കൊണ്ട്, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ സ്പിന്നിംഗ് മിൽ പദ്ധതിയാണ് കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റയിൽ മിൽ. പ്രസ്തുത മില്ലിനെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള ഒരു യൂണിറ്റായി പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ഈ സ്ഥാപനം പിന്നോക്ക ജില്ലയായ കാസർഗോഡ് അനുവദിക്കുമ്പോഴുണ്ടായിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കാമോ; | (ബി) കാസർഗോഡ് ജില്ലയിലെ ഉദുമയിൽ സ്പിന്നിംഗ് മിൽ തുടങ്ങുന്നതിനും, അതിലൂടെ 183 പേർക്ക് പ്രത്യക്ഷമായും അതിലധികം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിനുമാണ് ടി പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരുന്നത്. |

| | |
|---|---|
| (സി) ഈ സ്ഥാപനത്തിൽ നിലവിൽ ഉല്പാദനം നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) ഈ സ്ഥാപനത്തിൽ ഉൽപാദനം തുടങ്ങിയിട്ടില്ല. ടി പദ്ധതിയിൽ ഓപ്പൺ എന്റ് സ്പിന്നിംഗ് (വേസ്റ്റിൽ നിന്നും നൂൽ ഉൽപാദിപ്പിക്കുന്ന രീതി) ഉൽപാദന രീതിയാണ് വിഭാവന ചെയ്തിരുന്നത്. എന്നാൽ വേസ്റ്റിന്റെ അഭാവവും, ഉൽപാദന യന്ത്രങ്ങൾ ലഭിക്കുന്നതിലെ കാലതാമസവും പരിഗണിച്ച് ഉൽപാദന രീതി ഓപ്പൺ എന്റ് സ്പിന്നിംഗിൽ നിന്നും റിംഗ് സ്പിന്നിംഗിലേക്ക് മാറ്റുകയുണ്ടായി. ടി പദ്ധതിയിലേക്കാവശ്യമായ യന്ത്രസാമഗ്രികളും, കെട്ടിടങ്ങൾ, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന ഘടകങ്ങളും ലഭ്യമാക്കുന്നതിലേക്കായി, കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ 2010 മേയ്/ജൂൺ മാസത്തിൽ തന്നെ ടെൻഡർ/ക്വട്ടേഷൻ നടപടികൾ ആരംഭിക്കുകയും, അവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി മില്ലിലേക്കാവശ്യമായ യന്ത്രങ്ങളിൽ രണ്ട് കോൺ വൈന്റിംഗ് മെഷീൻ ഒഴികെ എല്ലാ യന്ത്രങ്ങളും വാങ്ങി സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. രണ്ട് കോൺവൈന്റിംഗ് യന്ത്രങ്ങൾക്ക് ഓർഡറും അഡ്വാൻസും നൽകിയിട്ടുണ്ട്.<br><br>ടി പദ്ധതിക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും (ആകെ 183 പേർ) നിയമിക്കുന്നതിനുള്ള അംഗീകാരവും അവരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും അംഗീകരിച്ച് കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിനെ (കെ.എസ്.പി.സി)നിയമന നടപടികൾ ഏൽപിക്കുകയും അവർ വിവിധ തസ്തികകൾക്കാവശ്യമായ |

റാങ്ക് ലിസ്റ്റ് കോർപ്പറേഷനു നൽകുകയും ചെയ്തു. ടി. ലിസ്റ്റിൽ നിന്നും മില്ലിലേക്കാവശ്യമായ 14 പേരെ മാത്രമേ നിയമിക്കുവാൻ സാധിച്ചുള്ളൂ. ടി. നിയമന പ്രക്രിയയുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടും, നിയമനനടപടികളിൽ പങ്കെടുക്കുന്നതിന് അർഹമായ അവസരം ലഭിച്ചില്ല എന്ന് ആരോപിച്ചുകൊണ്ടും വിവിധകേസുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ പരിഗണനക്കു വരുകയും ചെയ്ത സാഹചര്യത്തിൽ കേരളാ സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ മുഖാന്തിരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് സർക്കാർ റദ്ദ് ചെയ്യുകയും ചെയ്തു. പുതിയ നിയമന നടപടികൾ സ്വീകരിച്ച് പുതിയ റാങ്ക് ലിസ്റ്റ് റിയാബിന്റെ മേൽനോട്ടത്തിൽ ഉണ്ടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ ബഹു. കേരളാ ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിട്ടുള്ള കേസുകൾ തീർപ്പാകുന്നതു വരെ നിയമന നടപടികൾ നിർത്തിവെക്കണമെന്ന നിർദ്ദേശം ബഹു.ഹൈക്കോടതി നൽകിയിരിക്കുന്നതിനാൽ നിയമനങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല.

(ഡി) ഉല്പാദനം ആരംഭിക്കാതെ കോടിക്കണക്കിനു രൂപയുടെ മെഷിനറികൾ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സ്ഥാപനത്തിൽ വാങ്ങി സ്ഥാപിച്ചിരിക്കുന്ന യന്ത്രസാമഗ്രികൾക്ക് കേടുപാടുകൾ വരാതിരിക്കുന്നതിനായി അത്യാവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം മേൽ സ്ഥാപനത്തിൽ ഉല്പാദനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ഇ) മില്ലിന്റെ പ്രവർത്തനം തുടങ്ങുന്നതിന് വിഘാതമായി നിൽക്കുന്ന പ്രധാനപ്പെട്ട കാരണം ജീവനക്കാരുടെയും തൊഴിലാളികളുടെയും അഭാവമാണ്. ഇവരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം കേരള ഹൈക്കോടതിയുടെ പരിഗണനയിലായതിനാലാണ് നിയമന നടപടികളുമായി മുന്നോട്ടു പോകാൻ കഴിയാത്തത്. ടി. കേസുകളിന്മേൽ അന്തിമ തീരുമാനമുണ്ടായാലുടൻ ആവശ്യമായ ജീവനക്കാരെയും തൊഴിലാളികളെയും നിയമിച്ച് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ